(സി) നടപ്പു സാമ്പത്തികവർഷം 31-12-2014 വരെ ലഭ്യമായ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം റവന്യൂകമ്മി 8848.27 കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടുകൂടി മാത്രമേ റവന്യൂ കമ്മി സംബന്ധിച്ച് യഥാർത്ഥ സ്ഥിതി വ്യക്തമാവുകയുള്ളൂ.

പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ

135 (481) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിനായി പത്താം ശമ്പളപരിഷ്കരണ കമ്മീഷനെ നിയോഗിച്ചത് എന്നാണ്;

(ബി) നിയമിച്ചവേളയിൽ കമ്മീഷൻ റിപ്പോർട്ട് എന്നത്തേക്ക് നൽകണമെന്നായിരുന്നു നിർദ്ദേശിച്ചിരുന്നത്;

(സി) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്ക് എന്നു മുതലായിരുന്നു പുതിയ ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ ലഭിക്കേണ്ടിയിരുന്നത്;

(ഡി) പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; അന്തിമ റിപ്പോർട്ട് എന്നത്തേക്ക് ലഭിക്കും എന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിനായി 30-11-2013-ലെ സ.ഉ.(കൈ) നമ്പർ 583/2013/ധന പ്രകാരം 10-ാം ശമ്പളപരിഷ്കരണ കമ്മീഷനെ സർക്കാർ നിയോഗിച്ചു.

(ബി) നിയമിച്ചവേളയിൽ കമ്മീഷന്റെ പ്രവർത്തനത്തിനായി ആറുമാസ കാലാവധിയാണ് നൽകിയിരുന്നത്.

(സി) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്ക് 1-7-2014 മുതൽക്കാണ് പുതിയ ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ ലഭിക്കേണ്ടത്.

(ഡി) പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ അന്തിമഘട്ടത്തിലാണ്. 30-6-2015 വരെ കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഈ സമയത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കും എന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly